**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3048** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മത്സ്യലഭ്യതയിൽ കുറവ് വരുന്നുണ്ടെന്ന വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് കടൽ മത്സ്യലഭ്യത കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം കൂടുന്നതായി കാണുന്നു.<br><br>കടൽ മത്സ്യലഭ്യത കുറയുന്നതിന് നിരവധി കാരണങ്ങൾ ശ്രദ്ധയിൽപ്പെടുകയും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽകാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിനു ശോഷണം സംഭവിക്കുന്നുണ്ട്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും സംസ്ഥാനത്തെ മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധി വരെ കാരണമായി മാറിയിട്ടുണ്ട്. കോവിഡ് പ്രതിസന്ധി മൂലം മത്സ്യബന്ധനം നടക്കാതിരുന്നതും മത്സ്യോല്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതിന് കാരണമാണ്. അത്തരം കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉൽപാദനം കുറയുന്നത് തടയാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് മത്സ്യ വില നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; | (ബി) | മൽസ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണവും കാര്യക്ഷമവുമായ ലേലവും, വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനായി 2021 ലെ കേരള |

| | | | |
|---|---|---|---|
| | | | മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിൽ മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കുന്നതിനും വ്യവസ്ഥയുണ്ട് |
| (സി) | മത്സ്യത്തിന്റെ അമിതവില നിയന്ത്രിക്കുന്നതിന് വിപണിയിൽ ഇടപെടലുകൾ നടത്തുന്നുണ്ടോ; | (സി) | ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ഗുണമേന്മയുള്ള മൽസ്യം ലഭ്യമാക്കുന്നതിന് മൽസ്യഫെഡ് വഴി ഫിഷ് മാർട്ടുകളും, അന്തിപ്പച്ച യൂണിറ്റുകളും നടത്തുന്നുണ്ട്. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവർ മൽസ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തി വരുന്നു. മത്സ്യത്തിന്റെ അമിതവില നിയന്ത്രിക്കുന്നതിനും മത്സ്യകർഷകർക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ഉറപ്പ് വരുത്തുന്നതിനും വിപണിയിൽ ഇടപെടലുകൾ നടത്തുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണ ബാങ്ക്/ സംഘങ്ങളുമായി ചേർന്ന് വിവിധ നിയോജക മണ്ഡലങ്ങളിലായി 113 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ വഴി ഉൾനാടൻ മത്സ്യത്തിന്റെ വിപണനം നടന്നു വരുന്നു. |
| (ഡി) | ആഴക്കടൽ മത്സ്യബന്ധനത്തിലൂടെയല്ലാതെ നദികളിൽ നിന്നും കായലുകളിൽ നിന്നും മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (ഡി) | ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2022-23 വർഷത്തിൽ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഇൻലാൻഡ് റിസോഴ്സ്-ന്റെ ഭാഗമായും ഉൾനാടൻ ജലസ്രോതസ്സുകളിൽ 148.25 ലക്ഷം കാർപ്പ്/എട്രോപ്ലസ്/ഷ്രിംപ് എന്നീ മത്സ്യവിത്തുകൾ നിക്ഷേപിച്ചു. ആയത് വഴി മത്സ്യോല്പാദനം 2021-22 വർഷത്തിലെ 1.88MT യിൽ നിന്നും 2022-23 വർഷത്തിൽ 1.91MT യിലേക്ക് ഉയർന്നിട്ടുണ്ട്. ഇത് മൂലം മത്സ്യബന്ധന സാധ്യത കൂടുതലായി. കൂടാതെ റിസർവോയർ പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് 12 ഡാമുകളിലായി 4514.10 ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. ഇതുവഴി ഡാമുകളിലെ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകിച്ചും എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ തൊഴിൽ ദിനങ്ങളുടെയും വരുമാനത്തിന്റെയും വർദ്ധനവിന് കാരണമായി. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്ത് ശുദ്ധജല മത്സ്യകൃഷി നടത്തുന്ന യൂണിറ്റുകൾ എത്രയെണ്ണം ഉണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (ഇ) | 2023-24 വർഷത്തിൽ 9482.98 ഹെക്ടർ ശുദ്ധജല പ്രദേശം അർദ്ധ ഊർജ്ജിത മത്സ്യകൃഷി, കാർപ്പ് കൃഷി, ഒരു നെല്ലും ഒരു മീനും എന്നിവയ്ക്കായി ഉപയുക്തമാക്കി. 1800 ശുദ്ധജല കൂടുകൃഷി യൂണിറ്റ്. 241 ആർ.എ.എസ്., 515 ബയോഫ്ലോക്ക്, 3475 പടുതാകുളങ്ങളിലെ മത്സ്യകൃഷി യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 614 ആർ.എ.എസ്., 706 അലങ്കാര മത്സ്യകൃഷി യൂണിറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |
| (എഫ്) | ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | (എഫ്) | ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത/ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷി 2023-25 പദ്ധതി പ്രകാരം മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി 7125.58 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയും അതിൻപ്രകാരം അർദ്ധ ഊർജിത മത്സ്യകൃഷി, കുളങ്ങളിലെ മത്സ്യകൃഷി, കൂടുകൃഷി, ആർ.എ.എസ്., ബയോഫ്ലോക്, ഒരു നെല്ലും ഒരു മീനും, പടുതാകുളങ്ങളിലെ മത്സ്യകൃഷി തുടങ്ങി വിവിധതരത്തിലുള്ള കൃഷിരീതികൾ നടപ്പിലാക്കുകയും കരിമീൻ, വരാൽ, കാർപ്പ്, കാരി, അനാബസ് മുതലായ വിവിധതരം മത്സ്യ ഇനങ്ങളെ കൃഷി ചെയ്യുകയുമുണ്ടായി. തോടുകൾ, കൈവഴികൾ, കനാലുകൾ മുതലായ ജലാശയങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി മുൻവർഷം ജലാശയങ്ങളിൽ പ്രകൃതിദത്തമായ സാമഗ്രികൾ ഉപയോഗിച്ച് തടയണകൾ നിർമ്മിച്ച് മത്സ്യവിത്ത് നിക്ഷേപിച്ച് പരിപാലിച്ച് വളർത്തിയെടുക്കുന്ന എംബാങ്ക്മെന്റ് പദ്ധതി 25 ഹെക്ടറിൽ നടപ്പിലാക്കി. വിവിധ ജലാശയങ്ങളിൽ 35 യൂണിറ്റ് പെൻ (വളപ്പ്) യൂണിറ്റുകൾ നിർമ്മിച്ച് മത്സ്യവിത്ത് നിക്ഷേപിച്ച് പരിപാലിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ